**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 481**

**04.02.2020 തീയതിയിൽ മറുപടി നൽകേണ്ടത്**

**ബഡ്ജറ്റ് പ്രവൃത്തികൾ**

| **ചോദ്യം**<br><br>ശ്രീ. എൻ. ഷംസുദീൻ | **മറുപടി**<br><br>ഡോ. റ്റി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യവും, കയറും വകുപ്പ് മന്ത്രി |
|---|---|
| എ) 2019-20 ലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II ൽ എം.എൽ.എ മാർ ശിപാർശ നൽകിയ പ്രവൃത്തികളിൽ എസ്റ്റിമേറ്റ് തുകയുടെ ഇരുപത് ശതമാനം അനുവദിച്ച പ്രവൃത്തികളുടെ പേരും അവയുടെ മണ്ഡലവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ: | എം.എൽ.എമാരുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികൾ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ൽ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം 2852 പ്രവൃത്തികൾ നടപ്പുവർഷം ഈ വാല്യത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിയമസഭാ മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ ഈ വാല്യത്തിൽ ലഭ്യമല്ല. നിയമസഭ ബജറ്റ് പാസ്സാക്കുന്ന മുറയ്ക്ക് ഓരോ വകുപ്പിലെയും പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികളാണ് അവ നടപ്പിലാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നത്. ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ് ഓരോ പ്രവൃത്തിയ്ക്കും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നത്. |
| ബി)പ്രസ്തുത പ്രവൃത്തികളിൽ ഏതിനെല്ലാമാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്നതിന്റെ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ: | |
| സി)ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത ബാക്കി പ്രവൃത്തികൾക്ക് അടിയന്തിരമായി ഭരണാനുമതി ലഭ്യമാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ: വിശദവിവരം നൽകാമോ? | |

**സെക്ഷൻ ഓഫീസർ**